LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കരുതൽ 2015, 13 ജില്ലകളിൽ വിജയകരമായി പൂർത്തയാക്കിയിട്ടുണ്ട്. കരുതൽ 2015-ൽ ലഭിച്ച പരാതികൾ തരംതിരിച്ച് പരിശോധിക്കുന്ന നടപടികൾ ജില്ലാ കളക്ടേറ്റുകളിൽ പുരോഗമിക്കുകയാണ്. ഡേറ്റാ എൻട്രി പൂർത്തിയാകുമ്പോൾ മാത്രമേ അന്തിമ കണക്കുകൾ ലഭ്യമാകുകയുള്ളൂ. ഇപ്പോൾ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് കരുതൽ 2015 പൂർത്തിയായ ജില്ലകളിൽ ആകെ 3,40,443 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ ചികിത്സാ ധനസഹായത്തിനായി ഏകദേശം 81,709 അപേക്ഷകളും എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡ് ആക്കി കിട്ടുന്നതിനായി ഏകദേശം 27,931 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ചികിത്സാ ധനസഹായം അനുവദിച്ചത് സംബന്ധിച്ച് ഇപ്പോൾ ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരുതൽ 2015-ൽ കിടപ്പിലായ രോഗികളെ ജനസമ്പർക്ക വേദിയിൽ എത്തിക്കേണ്ടതില്ലെന്നും അവരുടെ പ്രതിനിധികൾമാത്രം വന്നാൽ മതിയെന്നും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകിയിരുന്നു. കിടപ്പിലായ രോഗികളെ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നേതൃത്വത്തിൽ മെഡിക്കൽ സംഘം വീടുകളിൽ ചെന്ന് സന്ദർശിക്കുകയും രോഗ വിവരം റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

ജനസമ്പർക്ക പരിപാടി

4 (4) ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ജനസമ്പർക്ക പരിപാടികൾ എത്രയെന്നും ആയതിൽ ചികിത്സാ ധനസഹായം ഒഴികെയുള്ള എത്ര പരാതികൾ ലഭിച്ചുവെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) മേൽ പരാതികളിൽ എത്രയെണ്ണത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മൂന്ന് ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട്. മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി, കരുതൽ 2015 പതിമൂന്ന് ജില്ലകളിൽ നടന്നു കഴിഞ്ഞു. കരുതൽ 2015-ൽ ലഭിച്ച പരാതികൾ തരംതിരിച്ച് പരിശോധിക്കുന്ന നടപടികൾ ജില്ലാ കളക്ടേറ്റുകളിൽ പുരോഗമിക്കുകയാണ്. ഡേറ്റാ എൻട്രി പൂർത്തിയാകുമ്പോൾ മാത്രമേ അന്തിമ കണക്കുകൾ ലഭ്യമാകുകയുള്ളൂ. മൂന്നു ഘട്ടങ്ങളിലായി നടന്ന ജനസമ്പർക്ക പരിപാടിയിൽ, ചികിത്സാ ധനസഹായം ഒഴികെ ലഭിച്ച പരാതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 7,34,199 പരാതികൾ തീർപ്പുകല്പിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.